# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 15)1186/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 15)1186/2022. തീയ്യതി: 30/07/2022

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-07-2022 | 12-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 04-07-2022 | 12-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വിദ്യ.ഒ.കെ, സീനിയർ ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രസന്ന അനിൽ കുമാർ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| (അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-11-2020 | 29-12-2020 |
| ശ്രീ.മുകേഷ്.എം.എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജിക്ക്.എം.എച്ച് | സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീ.മധുരാജ് | സെക്രട്ടറി | 20-06-2020 | 07-07-2020 |
| ശ്രീ.മൈക്കിൾ.കെ.എഫ് | സെക്രട്ടറി(ഇൻ ചാർജ്) | 08-07-2020 | 28-07-2020 |
| ശ്രീ.ഉന്മേഷ്.എ.അർ | സെക്രട്ടറി | 29-07-2020 | 31-03-2021 |
| ശ്രീ.മൈക്കിൾ.കെ.എഫ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.സഞ്ജു.സി.ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിമി സെബാസ്റ്റ്യൻ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രാജാമണി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ.ജ്യോത്സന.എം.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയന്തി.സി.ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ.എസ് | വി.ഇ ഒ.,തെക്കുംകര സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിനി.ടി.എം | വി.ഇ ഒ.,വള്ളിവട്ടം സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.അജിത | വി.ഇ ഒ.,വടക്കുംകര സർക്കിൾ | 01-04-2020 | 23-10-2020 |
| ശ്രീമതി.ദീപ.എസ് | വി.ഇ ഒ.,വടക്കുംകര സർക്കിൾ(ഇൻ ചാർജ്ജ്) | 24-10-2020 | 31-03-2021 |
| ഡോ.അജിത്ത് ബാബു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.അജിത്ത് തോമസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സുബിത.കെ.ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Vidhya O.K (Senior Grade Auditor, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ<br>Written By: Ranjith P.R (Auditor, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-07-2022) | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം) -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 28-07-2022) | 1-11 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (കുടിശ്ശിക) -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 28-07-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 28-07-2022) | 1-12 |
| 13 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ - തൻവർഷം - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 28-07-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 28-07-2022) | 1-13 |
| 14 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ - കുടിശ്ശിക - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 28-07-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 28-07-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും | 1-15 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 28-07-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 28-07-2022) | |
| 16 | വസ്തുനികുതി- മുൻകൂർ ആയി ലഭിച്ച തുക വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയറും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-07-2022) | 1-16 |
| 17 | വസ്തുനികുതി ഡിമാന്റ്- പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-17 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-07-2022) | 1-18 |
| 19 | വരവ് രജിസ്റ്ററുകൾ ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-19 |
| 20 | ലേലം - വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-20 |
| 21 | മുൻകൂർ തുക ലഭിച്ചത് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-21 |
| 22 | "Prior Period Item" - വർക്ക് ഷീറ്റുകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-22 |
| 23 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-24 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ന്യൂനതകൾ<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-25 |
| 26 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-26 |
| 27 | Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-27 |
| 28 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-28 |
| 29 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-29 |

| | | |
|---|---|---|
| 30 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-30 |
| 31 | തൊഴിലുറപ്പ്പദ്ധതി-വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-31 |
| 32 | വായ്പ രജിസ്റ്റർ-സൂക്ഷിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-32 |
| 33 | ഡെപ്പോസിറ്റ് രജിസ്റ്റർ- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-33 |
| 34 | അഡ്വാൻസ് രജിസ്റ്റർ - സൂക്ഷിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-34 |
| 35 | മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-35 |
| 36 | " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-36 |
| 37 | സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-37 |
| 38 | Cheques Deposited But Not Credited" -ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-38 |
| 39 | " Directly Debited By Bank" -ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 28-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-39 |
| 40 | രസീതികൾ ഇഷ്യൂ ചെയ്യുമ്പോൾ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചില്ല<br>Written By: Ranjith P.R (Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-40 |
| 41 | പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈ-ലോ തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-41 |
| 42 | മൊബൈൽ ടവറിന്റെ വസ്തു നികുതിക്കുടിശ്ശിക<br>Written By: Ranjith P.R (Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-42 |
| 43 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ<br>Written By: Ranjith P.R (Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-43 |

| | | |
|---|---|---|
| 44 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Ranjith P.R (Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-44 |
| 45 | പഞ്ചായത്ത് ഫണ്ട് തിരിമറി-ആഭ്യന്തര നിയന്ത്രണ സംവിധാനവും മോണിറ്ററിംഗ് സംവിധാനവും ശക്തിപ്പെടുത്തേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-45 |
| 46 | FTEAOS ലൈസൻസ്- അപാകതകൾ<br>Written By: Ranjith P.R (Auditor, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-46 |
| 47 | അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-47 |
| 48 | ക്രമവത്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-48 |
| 49 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-49 |
| 50 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ<br>Written By: Ranjith P.R (Auditor, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-50 |
| 51 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-51 |
| 52 | ഭവന പദ്ധതി:-ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-52 |
| 53 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ:-അപാകതകൾ<br>Written By: Nirmal K G (Audit Officer, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-53 |
| 54 | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.4,20,000/- രൂപയുടെ തടസപ്പെടുത്തുന്നു.<br>Written By: Nirmal K G (Audit Officer, On 14-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-54 |
| 55 | കെൽട്രോണിൽ നിന്ന് ബിൽ ലഭ്യമാക്കിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-55 |
| 56 | ഗവ.ആയുർവേദ ഡിസ്പെൻസറികളിലേക്ക് മരുന്നുവാങ്ങൽ അപാകതകൾ<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-56 |
| 57 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-57 |
| 58 | മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-58 |
| 59 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 15-07-2022) | 1-59 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 29-07-2022) | |
| 60 | കരാറുകൾ ആധികാരികമായി ചമച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-60 |
| 61 | പ്രൈസ് സോഫ്റ്റ് വെയറിലെ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-61 |
| 62 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-62 |
| 63 | ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സംശുദ്ധസേവനത്തിന് ജി.എസ്.റ്റി അടവാക്കി<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-63 |
| 64 | സാധനങ്ങളുടെ ഗുണനിലവാരപരിശോധന ഉറപ്പുവരുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-64 |
| 65 | അനധികൃതമായി കൈപ്പറ്റിയ തൊഴിലുറപ്പുപദ്ധതിപ്പണം തിരിച്ചടക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 1-65 |
| 66 | തൊഴിലുറപ്പുപദ്ധതിപ്രവർത്തനം<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-66 |
| 67 | ക്വാറി മക്ക് വില പൊതുമരാമത്ത്, തൊഴിലുറപ്പുപദ്ധതിനിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-67 |
| 68 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 13-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-68 |
| 69 | പോത്തുകുട്ടി വിതരണം - രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 29-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2022) | 1-69 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അനധികൃതമായി കൈപ്പറ്റിയ തൊഴിലുറപ്പുപദ്ധതിപ്പണം തിരിച്ചടക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 15-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 13-07-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 06-07-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26-3-2020 | 1(1) | 214595451 | 203180653 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16-2-2021 | 1/2 | 279838492 | 270751023 |

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 30.6.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35091662 |
| വരവ് | 116994573 |
| ആകെ | 152086235 |
| ചെലവ് | 117225426 |
| നീക്കിയിരിപ്പ് | 34860809 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 20253109 | 20253109 | 17240703 | 3012406 |
| വികസനഫണ്ട്-എസ്.സി.പി | 0 | 13335728 | 13335728 | 12537273 | 798455 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 142875 | 142875 | 127000 | 15875 |
| മെയിന്റനൻസ് റോഡ് | 0 | 474600 | 474600 | 4728450 | 17550 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 5547319 | 5547319 | 4761937 | 785382 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 7600000 | 7600000 | 3539012 | 4060988 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 14849326 | 14849326 | 11460053 | 3389273 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 261 | 134108469 | 178 | 83395475 | 77 | 6 | 62.18 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 295599 | 853497 | 1149096 | 1143620 | 5476 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27431007 | 27431007 | 27431007 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7668700 | 457 |
| വിധവാ പെൻഷൻ | 24375300 | 1749 |
| വാർദ്ധക്യകാല പെൻഷൻ | 40893000 | 3309 |
| വികലാംഗ പെൻഷൻ | 7521500 | 529 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1019800 | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 480000 | 16 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 05.07.2022 തീയതിയിൽ 2.40 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7321/- രൂപ കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ, വരവു ചെലവ് ഇനങ്ങളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ അനധികൃതമായി വേതനം കൈപ്പറ്റിയത് എന്നിവ അതതു ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ പൊതുവായ ഒരു അവലോകനം നടന്നതായി കാണുന്നില്ല.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം) -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ്

എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2838752 | 2787982 | 64514 | 227 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2838752 | 2806654 | 13811 | *227 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 239/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-12 വസ്തു നികുതി റെസിഡൻഷ്യൽ (കുടിശ്ശിക) -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡെൻഷ്യൽ (കുടിശ്ശിക)

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8319 | 6837 | 1589 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *7955 | 9540 | **1589 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1764+6589=8353/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1673 X 100/105)=1593 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് |

| | | | | |
|---|---|---|---|---|
| | | | | സഞ്ചയയിലെ തുക എടുക്കുന്നു. |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ - തൻവർഷം - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2704913 | 2661722 | 45000 | 7740 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2704886 | 2619415 | 1336 | *7740 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(8127 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ - കുടിശ്ശിക - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 151966 | 97962 | 54016 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 169750 | 93909 | 54016 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(31099+147138=178237/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(56717/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 281864 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 280452 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ

ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 298395 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-16 വസ്തുനികുതി- മുൻകൂർ ആയി ലഭിച്ച തുക വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയറും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 14348 | 555163 |

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-17 വസ്തുനികുതി ഡിമാന്റ്- പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല

1/4/2020-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിൽ 213 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-18 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല.

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ്

കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക( കെട്ടിടങ്ങൾ) | 130100101-Rent From Building | 250605 | 31.03.2021 | 42000623 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-19 വരവ് രജിസ്റ്ററുകൾ ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ലൈബ്രറി രജിസ്റ്റർ

6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-20 ലേലം - വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

ലേലം

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ലേലം- കുടിശ്ശിക | 50920 | 29034 | 48320 |
| ലേലം- തൻവർഷം | 0 | 1620994 | 0 |

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-21 മുൻകൂർ തുക ലഭിച്ചത് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ

മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 5200 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Enterprenures And Other Services | 179500 |

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-22 "Prior Period Item" - വർക് ഷീറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) ,(ഐ-19) പ്രകാരം "Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | -77949 |
| 190200201-Prior Period Income-Licence Fee | 15680 |
| 190200401-Prior Period Income-Other Income | 26434 |
| 290600401-Prior Period-expenses-Remittence Of Un Utilized Grants To Govt. | -46200 |
| 290800701-Prior Period- Expenses-Miscellaneous | -197412 |
| 290800401-Prior Period- Expenses-Interest & Finance Charge | -1163 |

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-23 ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക്

മാനവലായി പൊരുത്തപ്പെടുത്താനം, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനം നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ,വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല)

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-25 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ന്യൂനതകൾ

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -230853 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2295800/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-26 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/ 11.7.2022, മറുപടി ലഭ്യമാക്കിയില്ല.)

## 1-27 Capital Work In Progress-വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/21 ലെ ബാലൻസ് ഷീറ്റ് പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 12635651/-രൂപ യാണ്. എന്നാൽ ടി തുക കണക്കാക്കിയതിന്റെ വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-28 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-29 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ ,അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

## 1-30 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Asstetsഎന്ന ആസ്തികൾക്ക് 406,638/-രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/21 ലെ Accumalated Depreciation 13,22,317രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ

ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക വരും വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ്പദ്ധതി-വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-32 വായ്പ രജിസ്റ്റർ-സൂക്ഷിച്ചിട്ടില്ല.

വായ്പ ഇനത്തിൽ തൻവർഷം 2860000രൂപ വരവുണ്ട്. ആയതിൽ 1273138/-രൂപ തിരിച്ചടക്കുകയും 31/3/2021ൽ 13171474രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-33 ഡെപ്പോസിറ്റ് രജിസ്റ്റർ- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ്/ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| | വരവ് | തിരിച്ചടവ് | വരവ് | തിരിച്ചടവ് |
| Contractors Retention | 280450 | 355015 | 265010 | 280911 |
| Auction Deposit | 20000 | 20000 | 0 | 0 |
| Suppliers Security Deposit | 1500 | 10000 | 1500 | 0 |

## 1-34 അഡ്വാൻസ് രജിസ്റ്റർ - സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന മുൻകൂറുകൾ നിരീക്ഷിക്കുന്നതിന് അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-35 മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 231/21 | 22000160/3.6.20 | 14925 | 230800106-Expense For Shifting For Electric Posts | 460500202-Advance To Implementing Agencies-KSEB |
| 2 | 272/21 | 22000267 / /16.01.21 | 78193 | 251200001-Electric Line-Post Re- | 460500202-Advance To Implementing Agencies-KSEB |

| | | | | Arrangement | |
|---|---|---|---|---|---|

1-36 " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

TDCB Own Fund Bank-A/c No.10719000738

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 23212 | 28.12.20 | 2000 |
| 23211 | 28.12.20 | 13910 |
| 23207 | 21.12.20 | 943 |
| 23207 | 21.12.20 | 217 |
| 23205 | 18.12.20 | 320 |
| 23204 | 18.12.20 | 5000 |
| 23204 | 18.12.20 | 1300 |
| 23201 | 14.12.20 | 12100 |
| 19346 | 18.11.20 | 6675 |
| 19347 | 19.11.20 | 1037 |
| 19347 | 19.11.20 | 1478 |
| Direct | 25.11.20 | 565 |
| 19339 | 13.11.20 | 22660 |
| 19329 | 06.11.20 | 670 |
| 19323 | 03.11.20 | 2500 |
| 19314 | 23.10.20 | 1000 |
| 19313 | 23.10.20 | 1000 |
| 19321 | 23.10.20 | 1000 |
| 19321 | 23.10.20 | 6000 |
| 19283 | 05.10.20 | 3800 |
| 19306 | 20.10.20 | 464 |
| 19306 | 20.10.20 | 4112 |
| 19306 | 20.10.20 | 4112 |
| 18281 | 30.09.20 | 43200 |
| 19319 | 30.10.20 | 2250 |
| 19292 | 07.10.20 | 4800 |
| 19280 | 29.09.20 | 54470 |
| 19286 | 05.10.20 | 34090 |
| 19289,19294 | 07.10.20 | 11840 |
| 19276 | 22.09.20 | 3072 |
| 17341 | 30.09.20 | 11000 |
| 19158 | 03.06.20 | 1750 |
| 17291 | 23.12.2019 | 1600 |
| 17420 | 25.2.20 | 3139 |
| 19172 | 11.6.20 | 1000 |

| | | |
|---|---|---|
| 19198 | 14.6.20 | 1000 |
| 19119 | 27.4.20 | 1484 |
| 17291 | 23.12.19 | 800 |
| 19117 | 23.4.20 | 1800 |
| 19354 | 20.11.20 | 6300 |
| 19258 | 6.9.20 | 1000 |
| 19211 | 24.7.20 | 712 |
| 17326 | 22.1.20 | 3767 |
| 19281 | 30.9.20 | 13410 |

## 1-37 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം

വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് 22/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 23/9/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൌണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1)Opening Balance Sheet

31/3/20 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക് ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

(സാംഖ്യ സോഫ്റ്റ്‌വെയറിൽ 432100101 Accumulated Provision For Outstanding Property Tax എന്ന ആസ്തി ശീർഷകത്തിൽ വസ്തു നികുതി ഇനത്തിൽ കിട്ടാനുള്ള തുകയായി (287992) രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ILGMS സോഫ്റ്റ്‌വെയറിൽ ഈ തുക 360100101 എന്ന ബാധ്യത ശീർഷകത്തിലാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ ആകെ ആസ്തി-ബാധ്യതയിൽ ഈ തുകയുടെ വ്യത്യാസം പ്രതിഫലിക്കുന്നു.)

2)പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് 22/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്.23/9/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 22/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account , Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1.Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

2.2.Income And Expenditure Account

സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെയും ILGMS ലെ അതേ തീയ്യതിയിലെയും Income And Expenditure Account പൊരുത്തപ്പെടുന്നില്ല.

| Item | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം | ILGMS പ്രകാരം | വ്യത്യാസം |
|---|---|---|---|
| Total Income | 25130079 | 25137919 | 7840 |
| Total Expenditure | 21233467 | 21232304 | 1163 |
| Gross Surplus | 3896612 | 3905615 | 9003 |

2.3.Balance Sheet

ILGMS ൽ Opening Balancesheet (1/4/20 പ്രകാരമുള്ളത് )രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ

അവസാനിപ്പിച്ച തീയ്യതിയിലെ Receipt,Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ളശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 22/9/20ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള ശീർഷകം | ILGMS ലെ 22/9/20 ലെ മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 310000000-Panchayat Fund | 30804308.75 | 310000000 | 29308903.75 | 1495405 |
| 320000000-Grants Fund Contribution For Specific Purpose | 6703774 | 320000000 | 8070433 | 1366659 |
| 350000000-Other Liabilities | 1049852.25 | 350000000 | 1383281.25 | 333429 |
| 4100000000-Fixed Assets | 68999225 | 410000000& 413000000& 414000000& 415000000 | 68835916 | 163309 |
| 460000000-Loans And Advance And Deposits | 5211420 | 460000000 | 5291420 | 80000 |
| 4320000000-Accumulated Provisions Against Debtors (Receivables) | (287992) | 4320000000 | 0 | (287992) |

## 1-38 Cheques Deposited But Not Credited" -ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

1.ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

TDCB Own Fund Bank-A/c No.10719000738

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| - | 13.10.20 | 32800 |
| - | 11.9.20 | 5886 |
| | 24.10.20 | 1352 |
| - | 3.12.20 | 15440 |

## 1-39 " Directly Debited By Bank" -ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/21 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 20-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

l) TDCB Own Fund Bank-A/c No.10719000738

| തീയ്യതി | തുക |
|---|---|
| 7.10.20 | 10360 |
| 20.10.20 | 8688 |
| 7.10.20 | 4800 |
| 5.10.20 | 34090 |
| 29.12.20 | 2000 |
| 21.12.20 | 217 |
| 18.12.20 | 320 |
| 21.12.20 | 943 |
| 18.12.20 | 6300 |
| 30.9.20 | 56610 |
| 28.12.20 | 13910 |
| 14.12.20 | 12100 |
| 20.11.20 | 6300 |
| 25.11.20 | 4000 |
| 23.11.20 | 6675 |
| 19.11.20 | 2515 |
| 25.11.20 | 565 |
| 13.11.20 | 22660 |

| | |
|---|---|
| 11.11.20 | 1000 |
| 03.11.20 | 1000 |
| 02.11.20 | 6000 |
| 11.11.20 | 1000 |
| 06.11.20 | 670 |
| 03.11.20 | 2500 |
| 05.10.20 | 3800 |
| 06.10.20 | 1480 |
| 30.10.20 | 2250 |

Ii)LGTSB A/C No. 799013000000393

| തീയ്യതി | തുക |
|---|---|
| 3.12.20 | 15440 |

## 1-40 രസീതികൾ ഇഷ്യൂ ചെയ്യുമ്പോൾ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 20.1 (C) പ്രകാരം, രസീതുകൾ ഇഷ്യൂ ചെയ്യുമ്പോൾ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള 41497 നമ്പർ രസീതു പുസ്തകത്തിലെ 1 മുതൽ 59 വരെയുള്ള രസീതുകൾ ഇപ്രകാരം കാർബൺ പേപ്പർ ഉപയോഗിച്ചിട്ടല്ല ഇഷ്യൂ ചെയ്തിട്ടുള്ളത്.
ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 14/08.07.2022), അറിവില്ലായ്മ മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും ടി രസീതുകൾ പ്രകാരമുള്ള തുക, പഞ്ചായത്തിൽ 13.10.2021 തീയതിയിൽ 1210102500 ാം നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1,28,45,52,59 എന്നീ രസീതുകളുടെ ഡ്യൂപ്ലിക്കേറ്റും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. രസീതു നൽകലുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈ-ലോ തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടങ്ങൾ/ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവ വാടകക്ക് കൊടുക്കുന്നതിനുള്ള ബൈ-ലോ പഞ്ചായത്തിൽ നിലവിലില്ല. ലേലം നടത്തി റൂമുകൾ വാടകക്ക് നൽകുകയും വാടക ഈടാക്കുകയും ചെയ്യുന്നുണ്ടെങ്കിലും ബൈ-ലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. സർക്കാർ അംഗീകൃത ബൈ-ലോ യുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെയും നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈ-ലോ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈ-ലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 മൊബൈൽ ടവറിന്റെ വസ്തു നികുതിക്കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറിന് വസ്തു നികുതി കുടിശ്ശിക ഉള്ളതായി

കാണുന്നു.

| കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിടത്തന്റെ വിസ്തീർണ്ണം (ച.മീ) | വാർഷിക വസ്തു നികുതി | വസ്തു നികുതി കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|---|
| 20/525 B | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 12.9 | 8127/- | 2013 ആദ്യ അർദ്ധ വർഷം മുതൽ |

നിലവിൽ പ്രസ്തുത മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ടോയെന്നും, വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.11/08.07.2022), മൊബൈൽ ടവർ നിലവിൽ പ്രവർത്തനരഹിതമാണെന്നും മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറിക്ക് നൽകിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ടവറിന്റെ കുടിശ്ശിക നികുതി റവന്യൂ റിക്കവറി ചാർജ് ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | അപേക്ഷ നൽകിയ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 15/313 G, 15/313 H, 15/313 I, 15/313 K, 15/313 L | ഇബ്രാഹിംകുട്ടി പൂവത്തുംകടവിൽ | 16.11.2020 | 01.10.2020-31.03.2021 |
| 2 | 6/289 A, 6/289 B, 6/289 C, 6/289 D, 6/289 E, 6/289 F, 6/289 G, 6/289 H, 6/289 I, 6/289 J, 6/289 K, 6/289 L, 6/289 M, 6/289 N | അഷറഫ് ടി എ, ഷംസുദ്ദീൻ ടി എ, ഷിഹാബുദീൻ ടി എ, സദറുദീൻ | 10.02.2021 | 1.4.2020-30.9.2020 |
| 3 | 13/21 A, 13/21 C, 13/21 F, 13/21 B | മൊയ്തീൻകുട്ടി തരുപീടികയിൽ | 02.03.2021 | 1.4.2020-30.9.2020 |

| | | | | |
|---|---|---|---|---|
| 4 | 13/21 G, 13/21 H, | റംല തരുപീടികയിൽ | 02.03.2021 | 1.4.2020-30.9.2020 |
| 5 | 6/289 A, 6/289 B, 6/289 C, 6/289 D, 6/289 E, 6/289 F, 6/289 G, 6/289 H, 6/289 I, 6/289 J, 6/289 K, 6/289 L, 6/289 M, 6/289 N | അഷറഫ് ടി എ, ഷംസുദ്ദീൻ ടി എ, ഷിഹാബുദീൻ ടി എ, സദറുദീൻ | 10.02.2021 | 01.10.2020-31.03.2021 |
| 6 | 17/574 A, 17/574 C, 17/574 E, 17/574 E, 17/574 F, 17/574 G, 17/574 H, 17/574 I, 17/574 J, 17/574 K, 17/574 L, 17/574 M, 17/574 N, 17/574 P, 17/574 Q, 17/574 S | മൊയ്തീൻകുട്ടി വലിയവീട്ടിൽ | 08.03.2021 | 01.04.2020-30.09.2020 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/08.07.2022), കോവിഡ് മഹാമാരിയോടനുബന്ധിച്ച് മേൽ കെട്ടിടങ്ങൾ അടച്ചിട്ടിരുന്നതിനാൽ സർക്കാർ ചില വിട്ടുവീഴ്ചകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടമകൾക്ക് വ്യക്തമായ ധാരണയില്ലാതെ അപേക്ഷകൾ വൈകി സമർപ്പിച്ചതാണെന്നും ടി കെട്ടിടങ്ങൾ 2020-21 സാമ്പത്തിക വർഷം പൂർണ്ണമായും ഒഴിഞ്ഞു കിടന്നിരുന്നവയാണെന്ന് ആ കാലഘട്ടത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ, ടി കമ്മിറ്റി തീരുമാനപ്രകരമാണ് നികുതിയിളവ് അനുവദിച്ചിട്ടുള്ളതെന്നും മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതിയിളവ് നൽകുമ്പോൾ ആയതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ/നിയമങ്ങൾ/ഉത്തരവുകൾ എന്നിവ പാലിക്കാൻ പഞ്ചായത്ത് ബാധ്യസ്ഥരാണ്. നികുതിയിളവ് നൽകുമ്പോൾ ആയതുമായി ബന്ധപ്പെട്ട ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ഇതുമൂലമുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-44 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ

ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. 2020-21 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് കോ. ഓപ്പറേറ്റീവ് ബാങ്ക്,കാരനാട് | II |
| 2 | കാർമെൻ ഡെന്റൽ ക്ലിനിക് | II |
| 3 | ചാക്യാത്ത് ഓയിൽ മിൽസ് | II |
| 4 | എസ്.ബി.ഐ ബാങ്ക്, വള്ളിവട്ടം | II |
| 5 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, വെള്ളാങ്കല്ലൂർ | II |
| 6 | നിപ്പോൺ ടൊയോട്ട | I |
| 7 | ശാന്തി ഹോസ്പിറ്റൽ | I |
| 8 | ജോൺസ് ഹോണ്ട | I& II |
| 9 | ബി.എസ്.എൻ.എൽ | I& II |
| 10 | കോണത്തുകുന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘം | I |
| 11 | വള്ളിവട്ടം ക്ഷീരോൽപ്പാദക സഹകരണ സംഘം | I& II |
| 12 | TJ പ്ലാസ്റ്റിക്സ് | I& II |
| 13 | സ്മാർട്ട് ഫ്യൂവൽസ് | I& II |
| 14 | എം.ആർ ടൂറിസ്റ്റ് ഹോം | I& II |
| 15 | പി.സി.കെ ഓഡിറ്റോറിയം | I& II |
| 16 | ഗ്ലാമർ ഫ്യൂവൽസ് | I& II |
| 17 | ഹൈലാൻഡ് ഫ്യൂവൽസ് | I& II |

മേൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/08.07.2022) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-45 പഞ്ചായത്ത് ഫണ്ട് തിരിമറി-ആഭ്യന്തര നിയന്ത്രണ സംവിധാനവും മോണിറ്ററിംഗ് സംവിധാനവും ശക്തിപ്പെടുത്തേണ്ടതാണ്

പഞ്ചായത്തിലെ ക്ലർക്കായ ശ്രീ ആന്റണി റൊണാൾഡ് ബെന്നി, പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ട നികുതിപ്പണമായ 40164/- രൂപ, യഥാസമയം അടക്കാതെയും സ്വന്തം ആവശ്യങ്ങൾക്കായി പണം ഉപയോഗിക്കുകയും ചെയ്തതായി കണ്ടെത്തിയതിനാൽ പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 156(6) ബി, അനുസരിച്ച് തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, 18.12.2021 തീയതിയിലെ 400730/General2021/7774 നമ്പർ ഉത്തരവ് പ്രകാരം, 18.12.2021 തീയതിയിൽ ടിയാനെ സേവനത്തിൽ നിന്നും മാറ്റി നിർത്തുകയുണ്ടായിട്ടുള്ളതാണ്.

09.11.2021 തീയതിയിൽ അനുവദിച്ച 11645 നമ്പർ രസീത് ബുക്കിലെ വിവിധ രസീതുകൾ പ്രകാരം, 17.11.2021, 04.12.2021, 06.12.2021, 14.12.2021 തീയതികളിലായി കളക്റ്റ് ചെയ്ത 40164/-രൂപ, ശ്രീ ആന്റണി റൊണാൾഡ് ബെന്നി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതിരിക്കുകയും തുടർന്ന് സെക്രട്ടറി ടിയോനോട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെടുകയും അടവാക്കാനുള്ള തുകയായ 40164/-രൂപ അടവാക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, 16.12.2021 തീയതിയിലെ 1210200902/GO 81304 നമ്പർ രസീത് പ്രകാരം തുക അടവാക്കിട്ടുള്ളതുമാണ്. തുടർന്ന് ടിയാനെ 18.12.2021 മുതൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ 2011) ചട്ടം 81, ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996, ചട്ടം 12 എന്നിവ പ്രകാരം പഞ്ചായത്ത് ഫണ്ടിലെ തിരിമറി ശ്രദ്ധയിൽപ്പെട്ടാൽ ഓഡിറ്ററെ വിവരം അറിയിക്കേണ്ടതുണ്ട്.

എന്നാൽ മേൽ വിഷയം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ പഞ്ചായത്ത് അറിയിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ ഈ വിഷയം ശ്രദ്ധയിൽപ്പെടുകയും വിശദപരിശോധനക്കാവശ്യമായ തുടർനടപടികൾക്കായി ഓഡിറ്റ് എൻക്വയറിയുടെ(04/15.06.2022) പകർപ്പ് സഹിതം തൃശ്ശൂർ ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ വിവരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിന്റെ നിജസ്ഥിതി നേരിട്ട് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ളതുമാണ്. ഇത്തരത്തിലുള്ള ഗുരുതരമായ ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനവും മോണിറ്ററിംഗ് സംവിധാനവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

## 1-46 FTEAOS ലൈസൻസ്- അപാകതകൾ

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അതു പോലെ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ്, ചട്ടത്തോട് ചേർന്നുള്ള പട്ടിക 3 ൽ ചേർത്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതു ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/07/07.2022) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിൽ ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും പല അപേക്ഷകളിലും മൂലധനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 138 | 17/223 B | ഹീലോ ഐസ് ക്യൂബ്സ് | 300 |
| 209 | 3/123 | ഗ്ലാമർ ഓട്ടോ സർവീസ് | 1000 |
| 229 | 20/547 | ഡോ. അനീഷ് ഡേവിസ് ഡെന്റൽ ക്ലിനിക് | 1000 |
| 255 | 3/143 | ഗ്ലാമർ ഫ്യൂവൽസ് | 4000 |
| 259 | 21/630 | പ്രീമിയർ പോളിമേഴ്സ് | 2500 |
| 299 | 21/983 | സെന്റ് ആന്റണീസ് ടിമ്പർ മാർട്ട് | 2500 |
| 341 | 20/233,231,233 A, 230,232 | പ്രൈം മെറ്റൾ ബിൽഡിങ്ങ് സിസ്റ്റം | 2500 |
| 349 | 25/137 | ടി ജെ പ്ലാസ്റ്റിക്സ് | 500 |
| 424 | | ഓം ഡൈസ് & ടൂൾസ് | 1000 |
| 520 | 21/981 | ജോസ് എന്റർപ്രൈസസ് | 2000 |

ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഏതു മാനദണ്ഡത്തിലാണ് ഈടാക്കിയതെന്നു വ്യക്തമല്ല. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് സർക്കാർ മാനദണ്ഡങ്ങൾക്കു വിധേയമായുള്ള പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനമെടുക്കേണ്ടതും

ആയതിൻപ്രകാരമുള്ള ഫീസ് മാത്രം ഈടാക്കേണ്ടതുമാണ്.

2. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ് മേൽ ചട്ടത്തോട് (ചട്ടം 17) ചേർന്നുള്ള പട്ടിക 3 ൽ ചേർത്തിട്ടുണ്ട്. ടി പട്ടിക പ്രകാരം 200 HP വരെ കുതിര ശക്തിയുള്ള യന്ത്രങ്ങൾക്ക് ചുമത്താവുന്ന ഫീസ് 2000 രൂപയും 200 HP ക്കു മുകളിലുള്ള ഓരോ കുതിരശക്തിക്കും 10 രൂപ വീതവും ഈടാക്കാവുന്നതാണ്.
വജ്ര റബ്ബർ പ്രോഡക്ട്സ്(പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനം ലൈസൻസിനായി നൽകിയ അപേക്ഷയിൽ 1605.25 HP ശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പമുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ PCB/DO/TSR/R2/ICO/3042/19 നമ്പർ സർട്ടിഫിക്കറ്റിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും 200 HP വരെ 2000 രൂപയും അതിനുമേലെയുള്ള 1405 HP ക്ക് 10 രൂപാ നിരക്കിൽ 14050/- രൂപയും ചേർത്ത് 16050/-രൂപ ഈടാക്കേണ്ടതാണ്. എന്നാൽ 18.02.2021 ലെ 1200106339 നമ്പർ രസീത് പ്രകാരം ലൈസൻസിനത്തിൽ 4000 രൂപയും മെഷീനറി ഫീസായി 5000/- രൂപയും മാത്രമാണ് ഈടാക്കിയിട്ടുള്ളത്.
ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 26/12.07.2022) നൽകിയതിനു ശേഷം മാത്രമാണ് മേൽ സ്ഥാപനത്തിൽ നിന്നും 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ ബാലൻസ് തുകയായി 33158/- രൂപ അന്നേ ദിവസം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

3. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. മേൽ പട്ടിക ഒന്നിലെ ക്രമ നമ്പർ 139 പ്രകാരം കള്ള ഷാപ്പുകൾ പ്രവർത്തിക്കുന്നതിനും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ കള്ളുഷാപ്പുകൾക്കോ റേഷൻ കടകൾക്കോ ലൈസൻസ് അനുവദിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 06/07.07.2022). ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-47 അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

I ഫയൽ നം. BRL 403/1924

വള്ളിവട്ടം വില്ലേജിലെ 312/2 സർവ്വേ നമ്പറിൽ ഉൾപ്പട്ട സ്ഥലത്ത് A2- Special Residency കാറ്റഗറിയിൽ നിർമ്മിച്ച അനധികൃത ഓർഫനേജ് കെട്ടിടം (ഉടമ- പി.എം.എസ് തങ്ങൾ-മാനേജർ, ഖലീഫ ഉമ്മർ ചാരിറ്റബിൾ സൊസൈറ്റി) കെട്ടിടം ക്രമവത്കരിക്കുന്നതിന് 23.12.2020 ൽ അപേക്ഷ സമർപ്പിക്കുകയും 7500/- രൂപ അപേക്ഷാഫീസ് അടവാക്കുകയും(രശീതി നം. 1200101766/ 23.12.2020) ചെയ്തിട്ടുണ്ട്. ക്രമവത്കരണ അപേക്ഷ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം ടി കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം 892.15 ച.മീറ്ററാണ് (ഗ്രൗണ്ട് ഫ്ലോർ - 213.76, ഫസ്റ്റ് ഫ്ലോർ- 211.43, സെക്കന്റ് ഫ്ലോർ- 211.43, തേഡ് ഫ്ലോർ - 211.43, സ്റ്റെയർ- 44.10, ആകെ- 892.15 ച.മീ.) . ഫയലിലെ രേഖകൾ പ്രകാരം ഗ്രൗണ്ട് ഫ്ലോർ - 202.78, ഫസ്റ്റ് ഫ്ലോർ- 196.90 ,ആകെ- 399.68 ച.മീ. കെട്ടിടത്തിനാണ് നിർമ്മാണാനുമതി നല്കിയിരുന്നത്( പെർമിറ്റ് നം. A5/26/6931/13 തീയതി 20.12.13)

പ്രസ്തുത അപേക്ഷ 8.3.21 തീയതിയിൽ ജില്ലാ ടൗൺ പ്ലാനർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

ടി കെട്ടിടത്തിന്റെ വിവരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

II) ഫയൽ നം. BPRL 03/2092

ടി ഫയൽ പ്രകാരം 3 നിലകളുള്ള 669.09 ച.മീ. തറവിസ്തീർണമുള്ള വാണിജ്യകെട്ടിടം (സർവ്വേ നം. 666/0-01, ഉടമസ്ഥൻ - ശ്രീനിവാസൻ) ക്രമവൽകരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും (രശീതി നം. 1200101940/ 31.12.20) ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വിവരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 ഡബ്ലിയു പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) കേരള പഞ്ചായത്ത് ബിൽഡിംഗ് (Regularisation Of Unauthorised Construction) ചട്ടങ്ങൾ 2018 – ചട്ടം 6(17) പ്രകാരം കോമ്പൗണ്ടിംഗ് ഫീസിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടം 6(18) പ്രകാരം അനധികൃത നിർമ്മാണം സംബന്ധിച്ച് ഒരു സ്ഥിര രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ അപേക്ഷകന്റ മേൽവിലാസം,

സർവ്വേ നം, ഒക്യുപൻസി, നിലകളുടെ എണ്ണം, തറ വിസ്തീർണം, ചട്ട ലംഘനത്തിന്റെ തരം, അനുമതി ലഭിച്ചതിന്റെയും കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരം

3.1) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്.
3.2) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
3.3) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3.4) പ്രസ്തുത രജിസ്റ്റർ സർക്കുലർ പ്രകാരമുള്ള അനുബന്ധം I ൽ ചേർത്തിട്ടുള്ള പ്രകാരം സൂക്ഷിക്കേണ്ടതാണ്.

ക്രമനമ്പർ I,II എന്നിവ പ്രകാരമുള്ള കെട്ടിടങ്ങളുടെയോ മറ്റ് അനധികൃത നിർമ്മാണങ്ങളുടെയോ വിവരങ്ങൾ രജിസ്റ്ററിലോ വെബ്സൈറ്റിലോ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 28/12.07.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ചട്ട/ ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുടർനടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 ഡബ്ലിയു,ഇസഡ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-48 ക്രമവത്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല. കൂടാതെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 19/11.07.2022)

## 1-49 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ യു.എ. അസസ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള യു.എ. അസസ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ടി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ. നം. | കെട്ടിട നം. | ഉടമ | ഉപയോഗം | തറവിസ്തീർണം. (ച.മീ) |
|---|---|---|---|---|
| 1. | XVI/ 170 A | ആലുക്കത്തറ പ്രസന്നൻ | താമസം | 124 |
| 2. | XIX/ 266A | മുത്തുകൃഷ്ണൻ | താമസം | 53.65 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എഎ പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് നിയമാനുസൃതമായി നിർമിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും രണ്ടിരട്ടി വസ്തു നികുതിയും ചേർന്നുള്ള തുക വസ്തു നികുതിയായി അത്തരം കെട്ടിടങ്ങൾ പൊളിച്ചു കളയുന്നതു വരെ നല്കാൻ ഉടമസ്ഥൻ ബാധ്യസ്ഥരാണ്.

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 09/07.07.2022) നൽകിയതിന് ടി കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുമെന്നാണ് മറുപടി ലഭ്യമാക്കിയത്.

മേൽ കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ 'നിയമാനുസൃതമല്ലാത്ത കെട്ടിട വിഭാഗ' ത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

കൂടാതെ രജിസ്റ്ററിൽ നിയമലംഘനത്തിന്റെ തരം എഴുതി സൂക്ഷിക്കുന്നില്ല. ചട്ടപ്രകാരമുള്ള രീതിയിൽ യു.എ. രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-50 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു (6-ാം വാർഡിലെ പരിശോധനയിൽ കണ്ടത്)

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 6/806 A | ധർമ്മൻ വാത്യാട്ട് | മാവിൻചുവട്-പാൽപ്പരക്കുന്ന് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| | 6/806 B | വിജി വാത്യാട്ട് | മാവിൻചുവട്-പാൽപ്പരക്കുന്ന് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 2 | 6/694 | ബഷീർ തോപ്പിൽ | തൃശ്ശൂർ-കൊടുങ്ങല്ലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| | 6/694 A | ജമീല ഇടപ്പിള്ളിൽ | തൃശ്ശൂർ-കൊടുങ്ങല്ലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | തൃതീയം |
| 3 | 6/654 | സഗീർ മുടവൻകാട്ടിൽ | കോണത്തുകുന്ന് മാണിയംകാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | 6/655 | സഗീർ മുടവൻകാട്ടിൽ | കോണത്തുകുന്ന് മാണിയംകാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 6/656 | സഗീർ മുടവൻകാട്ടിൽ | കോണത്തുകുന്ന് മാണിയംകാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 4 | 6/426 | സുഹറ തരുപ്പറമ്പിൽ | കോണത്തുകുന്ന് മാണിയംകാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 6/427 | സുഹറ തരുപ്പറമ്പിൽ | കോണത്തുകുന്ന് മാണിയംകാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 5 | 6/288 A | ശിവദാസൻ ടി, മണമ്മേൽ | മനക്കലപ്പടി-ആശാരിക്കുന്ന് ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 6/289 | ശിവദാസൻ ടി, മണമ്മേൽ | മനക്കലപ്പടി-ആശാരിക്കുന്ന് ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |

മേൽവിഷയം സംന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/08.07.2022), പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ 2013 ൽ സഞ്ചയയിലേക്ക് ഡാറ്റാ എൻട്രി നടത്തിയപ്പോൾ വന്ന പിഴവുകളാണെന്നും സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser,Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan,Chenna എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2020-21 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃതം,കുമാരിപ്ലസ്,പോഷകപ്പൊടി എന്നിവ കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്,വെള്ളാങ്കല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-52 ഭവന പദ്ധതി:-ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.,വള്ളിവട്ടം നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി | പദ്ധതി പ്രകാരം ആകെ നൽകേണ്ട തുക |
|---|---|---|---|---|
| വീട് വാസയോഗ്യമാക്കൽ | ശാന്തകുമാരി | 50000/- | 18.02.2021 | 100000/- |

| | | | | |
|---|---|---|---|---|
| (എസ്.സി),73/21 | | | | |
| ലൈഫ് പദ്ധതി,74/21 | ധന്യ,W/oഅമലൻ | 40000/- | 04.09.2020 | 400000/- |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-53 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ:-അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (നം.31/12.07.2022)വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ. നം. | പദ്ധതി നം./പേര് | വൗച്ചർ നം. | തുക | അപാകത |
|---|---|---|---|---|
| 01 | ഐ.കെ.എം വിഹിതം നൽകൽ,45/21 | 22000604/22.09.2020 | 106012/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല . |
| 02 | എ.ബി.സി.പ്രോഗ്രാം,56/21 | 22000581/11.09.2020 | 210000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 03 | കൃഷിഭവൻ വൈദ്യുതീകരണം,172/21 | 22000546/12.06.2020<br>42101339/31.03.2021 | 75378/-<br>30625/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 04 | പുതിയ എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ,174/21 | 01/13.05.2020 | 189540/- | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇന്റസ്ട്രീസ് ലിമിറ്റഡ്,കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.763/28.02.2020 പ്രകാരം 78 എണ്ണം എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് വാങ്ങിയിട്ടുണ്ട്.എന്നാൽ ഇത് സ്റ്റോക്കിൽ എടുത്തതിന്റേയും വിനിയോഗിച്ചതിന്റേയും വിവരങ്ങൾ ലഭ്യമല്ല. |
| 05 | വാർഡ് 18-ധന്യ അങ്കൺവാടി കോളനി റോഡ് -4 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ,231/21 | 22000160/03.06.2020 | 14925/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 06 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ,272/21 | 22000267/16.01.2021 | 78195/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 07 | പദ്ധതി ആസൂത്രണം മോണിറ്ററിംഗ് ,44/21 | 22000058/21.10.2020<br>18/20-21/25.09.2020 | 6300/-<br>14700/- | ദേശാഭിമാനി പബ്ലിക്കേഷൻസിന് പരസ്യ ചെലവിനത്തിൽ നല്കിയ തുകയിൽ സർക്കാർ ഉത്തരവ് (ആർടി)1/2011/ഐ പി ആർഡി തീ 4/1/11) പ്രകാരം നിർദ്ദേശിച്ച രീതിയിൽ 15% ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. |

അപാകതകളിൽ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-54 ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.4,20,000/- രൂപയുടെ തടസപ്പെടുത്തുന്നു.

സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം താഴെ പറയുന്ന തുകകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയ്ക്ക് ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി നം.33/12.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല) ചെലവ് രേഖകളുടെ അപാവത്തിൽ 4,20,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം. | തുക | ഇനം |
|---|---|---|
| 08/2020-21 /10.06.2020 | 210000/- | സുചിത്വമിഷൻ-ആരോഗ്യ ജാഗ്രത |
| 41/2020-21 /25.03.2021 | 210000/- | പ്രീമൺസൂൺ ക്ലീനിംഗ് |
| | 420000/- | |

## 1-55 കെൽട്രോണിൽ നിന്ന് ബിൽ ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ: മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രോജ്കട് -131/20-21, ഹോമിയോ ഡിസ്പെൻസറി അടിസ്ഥാന സൗകര്യ വികസനം

ബിൽ നം-2/20-21/27.3.21, തുക -40134

പദ്ധതി പ്രകാരം മേൽ തുക കേരള ഐടി മിഷന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

എ)കേരള ഐടി മിഷനിൽ നിന്നുള്ള ഒറിജിനൽ ബിൽ ലഭ്യമാക്കിയില്ല.

ബി) കേരള ഐടി മിഷനുമായി കരാറിലേർപ്പെട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.(നം_21 തിയതി. 11.7.22)

## 1-56 ഗവ.ആയുർവേദ ഡിസ്പെൻസറികളിലേക്ക് മരുന്നുവാങ്ങൽ അപാകതകൾ

പ്രൊജക്ട് നം. – 124/21
പ്രൊജക്ടിന്റെ പേര് – ആയുർവേദ ഡിസ്പെൻസറികളിലേക്ക് മരുന്നുവാങ്ങൽ
1.ബിൽ നം. 24/20-21 തീയതി- 11.9.20 തുക: 5,00,000

2.ബിൽ നം. 25/20-21 തീയതി- 11.9.20 തുക: 6,00,000

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് പ്രകാരം ഔഷധിയിൽ നിന്നും ആയുർവ്വേദമരുന്നുകൾ വാങ്ങിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ നിർമ്മാണതീയതി ഇൻവോയിസ് തീയതിക്ക് ശേഷമാണ് വരുന്നത്.

വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തിയതി | മരുന്നിന്റെ പേര് | നിർമ്മാണ തിയതി |
|---|---|---|---|---|
| 1 | 901182035 | 30.9.20 | Lohasavam 450 Ml | 10/20 |
| 2 | 90190111 | 30.11.20 | Sukumara Kashayam200ml | 12/20 |
| 3 | “ | “ | Indukantham Kashayam 200ml | 12/20 |
| 4 | “ | “ | Yogarajagulgulu Gulika 100Nos | 12/20 |
| 5 | 90192453 | 24.12.20 | Indhukantham | 12/20 |

| | | | | |
|---|---|---|---|---|
| | | | Kashayam200ml | |
| 6 | “ | “ | Sudharsanam Gulika 100 Nos. | 1/21 |
| 7 | 90182112 | 30.9.20 | Oushadhi Bliss Balm10 Gm | 10/20 |
| 8 | 90184638 | 22.10.20 | Maharasanathi 1000gm | 11/20 |
| 9 | “ | “ | Guluchyathi KC1000gm | 11/20 |
| 10 | “ | “ | Avipathi Choornam 500gm | 12/20 |
| 11 | “ | “ | Reumajith Oinment 10gm | 1/20 |
| 12 | 90190100 | 30.11.20 | Hinguvachadi Choornam 500gm | 12/20 |
| 13 | “ | “ | Vettumaran Gulika 100 Nos. | 12/20 |
| 14 | “ | “ | Sudharshanam Tablet 100 Nos. | 12/20 |

മേൽ പട്ടികയിൽ സൂചിപ്പിച്ച എല്ലാ മരുന്നുകളുടെയും നിർമ്മാണ തീയതി ടാക്സ് ഇൻവോയ്സ് തീയതിക്ക് ശേഷമാണ് വന്നിരിക്കുന്നത്. ബിൽ തിയതിക്കു ശേഷം നിർമ്മാണ തീയതി വന്നതിനാൽ നിർമ്മാണ തീയതി, എക്സ്പെയറി തിയതി എന്നിവ കൃത്യമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് കൂടാതെ ഇത് മരുന്നുകളുടെ ഗുണനിലവാരത്തെയും ബാധിക്കുന്നതാണ്.

ഈ അപാകത കണ്ടെത്തി ഔഷധിക്കു റിപ്പോർട്ട് ചെയ്തിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (നം.27 തിയതി. 12.7.22)

## 1-57 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

